**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 101** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>പുനലൂർ മണ്ഡലത്തിലെ ബജറ്റിൽ അനുവദിച്ച പ്രവൃത്തികൾ .</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. അജയപ്രസാദ് ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** പുനലൂർ നിയോജക മണ്ഡലത്തിൽ 2021 - 22, 2022 - 23, 2023 - 24, 2024 - 25, 2025 - 26 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഇരുപത് ശതമാനം തുക വകയിരുത്തി ബഡ്ജറ്റിൽ അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്നും, ഓരോ പ്രവൃത്തിയുടെയും അടങ്കൽ തുക എത്രയെന്നും, നിർവ്വഹണ വകുപ്പ് ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 2021-22 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ബജറ്റിൽ 20 ശതമാനം വിഹിതം വകയിരുത്തിയ പുനലൂർ നിയോജക മണ്ഡലത്തിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ, 'വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II (മരാമത്തുപണികളുടെ വിശദവിവരങ്ങൾ) വാല്യം II' എന്ന ബജറ്റ് രേഖയിൽ നിന്നും ക്രോഡീകരിച്ച് അനുബന്ധമായി (അനുബന്ധം-I) ചേർക്കുന്നു.

**(ബി)** മേൽ സൂചിപ്പിച്ച സാമ്പത്തിക വർഷങ്ങളിൽ ഇരുപത് ശതമാനം തുക വകയിരുത്തി ബഡ്ജറ്റിൽ അനുവദിച്ച പ്രവൃത്തികളിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമെന്നും നാളിതുവരെ ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 'വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II (മരാമത്തുപണികളുടെ വിശദവിവരങ്ങൾ) വാല്യം II' എന്ന ബജറ്റ് രേഖയിൽ വിഹിതം വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് നിലവിലുള്ള ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പുകളാണ്.

**(സി)** പ്രസ്തുത സാമ്പത്തിക വർഷങ്ങളിൽ ഇരുപത് ശതമാനം തുക വകയിരുത്തി ബഡ്ജറ്റിൽ അനുവദിച്ച പ്രവൃത്തികളിൽ ഏതെങ്കിലും പ്രവൃത്തികൾ ഒഴിവാക്കി പകരം നൽകുകയോ, പ്രവൃത്തികളുടെ പേരിൽ മാറ്റം വരുത്തുകയോ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച് ധനകാര്യ വകുപ്പ് ബജറ്റ് വിഭാഗം നൽകിയിട്ടുള്ള ഉത്തരവ് ലഭ്യമാക്കാമോ?

**<u>മറുപടി:</u>** പുനലൂർ നിയോജക മണ്ഡലത്തിലെ എം.എൽ.എയ-യുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2021-22 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ബജറ്റിൽ 20 ശതമാനം വിഹിതം വകയിരുത്തിയ പ്രവൃത്തികൾക്ക് പകരം മറ്റ് പ്രവൃത്തികൾ ഉൾപ്പെടുത്തി ധനകാര്യ ബജറ്റ് വിഭാഗം പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് അനുബന്ധം- II ആയി ഉൾപ്പെടുത്തുന്നു.

**സെക്ഷൻ ഓഫീസർ**

| അനുബന്ധം | | | |
|---|---|---|---|
| ക്രമ നം | പുനലൂർ നിയോജക മണ്ഡലത്തിലെ പ്രവൃത്തിയുടെ പേര് | നിർവ്വഹണ വകുപ്പ് | അനുവദിച്ച 20% തുക (ലക്ഷത്തിൽ) |
| 2021-22 | | | |
| 1 | തഴമേൽ -അഞ്ചൽ മാർക്കറ്റ് ജംഗ്ഷൻ - ശബരിഗിരി സ്കൂൾ അഗസ്ത്യക്കോട് റോഡ് -0/000 മുതൽ 4/700 കി.മീ വരെ | പൊതുമരാമത്ത് | 100 |
| 2 | ഏരൂർ -പാണയം - ആലംചേരി റോഡ് അഭിവൃദ്ധിപ്പെടുത്തൽ - 0/000 മുതൽ 4/800 കി.മീ വരെ (20 ശതമാനം തുക വക കൊള്ളിക്കേണ്ട പ്രവർത്തി) | പൊതുമരാമത്ത് | 130 |
| 3 | വിളക്കുപാറ -മാവിള റോഡിൽ വിളക്കുപാറ മുതൽ മണലിൽപ്പച്ച വരെയുള്ള ഭാഗം അഭിവൃദ്ധിപ്പെടുത്തൽ 0/000 മുതൽ 6/000 വരെ | പൊതുമരാമത്ത് | 200 |
| 2022-23 | | | |
| 1 | ചെമ്മന്തൂർ തടിക്കാട് റോഡ് അഭിവൃദ്ധിപ്പെടുത്തൽ (0/000 t o 6/000കിലോമീറ്റർ) | പൊതുമരാമത്ത് | 190 |
| 2 | പുനലൂർ ആയുർവേദ ആശുപത്രിയ്ക്ക് കെട്ടിട നിർമ്മാണം | ആരോഗ്യം | 30 |
| 2023-24 | | | |
| 1 | പുനലൂർ ബാലൻ സാംസ്കാരിക സമുച്ചയത്തിന് കെട്ടിടനിർമാണം | പൊതുമരാമത്ത് | 60 |
| 2 | പുനലൂർ കോർട്ട് കോംപ്ലക്സിൽ ഓഫീസേഴ്സ് ക്വാർട്ടേഴ്സും ജുഡീഷ്യറി കോംപ്ലക്സിന് ചുറ്റുമതിലും, കവാടം നിർമ്മാണവും | പൊതുമരാമത്ത് | 60 |
| 3 | പുനലൂർ എക്സൈസ് കോംപ്ലെക്സ് സമുച്ചയത്തിന് കെട്ടിടനിർമാണം | പൊതുമരാമത്ത് | 70 |
| 4 | അഞ്ചൽ സെൻറർ ഫോർ അഡ്വാൻസ്ഡ് പ്രിൻറിംഗ് ആൻഡ് ടെക്നോളജി( C-Apt ) നു കെട്ടിട നിർമ്മാണം | പൊതുമരാമത്ത് | 40 |
| 2024-25 | | | |
| 1 | പുനലൂർ നിയോജകമണ്ഡലം-ഗവ. എൽ.പി. എസ്.വെഞ്ചേമ്പ് സ്കൂളിന് പുതിയ കെട്ടിടം നിർമ്മാണം | വിദ്യാഭ്യാസം | 30 |
| 2 | പുനലൂർ-ഗവ. യു .പി. എസ്. മണിയാറ്റു സ്കൂളിന് പുതിയ കെട്ടിടം നിർമ്മാണം | വിദ്യാഭ്യാസം | 30 |
| 3 | പുനലൂർ നിയോജകമണ്ഡലം- വിളക്കുപാറ ,കെട്ടുപ്ലാച്ചി കേളങ്കാവ് റോഡ് അഭിവൃദ്ധിപ്പെടുത്തൽ | പൊതുമരാമത്ത് | 100 |

| | | | |
|---|---|---|---|
| 4 | പുനലൂർ നിയോജകമണ്ഡലം അഞ്ചൽ, ഏരൂർ, തെന്മല പഞ്ചായത്തുകളിലെ കെഐപി കനാൽ റോഡ് അഭിവൃദ്ധിപ്പെടുത്തൽ | ഇറീഗേഷൻ വകുപ്പ് | 60 |
| 2025-26 | | | |
| 1 | പുനലൂർ താലൂക്ക് ആശുപത്രിയിൽ, ഉപകരണങ്ങൾ, ഡയാലിസിസ് യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിന് | ആരോഗ്യം | 20 |
| 2 | ഇടമുളക്കൽ പഞ്ചായത്തിലെ പെരുമണ്ണൂർ പിഎച്ച്സി യ്ക്കു കെട്ടിട നിർമ്മാണം | പൊതുമരാമത്ത് | 10 |
| 3 | കരവാളൂർ പഞ്ചായത്തിൽ ഓപ്പൺ സ്റ്റേഡിയം നിർമ്മിക്കുന്നതിന് | കായികം | 20 |
| 4 | അഞ്ചൽ മൃഗാശുപത്രിക്ക് കെട്ടിട നിർമ്മാണം | പൊതുമരാമത്ത് | 20 |
| 5 | അഞ്ചൽ പിഡബ്ല്യുഡി റസ്റ്റ് ഹൗസിന് കെട്ടിട നിർമ്മാണം | പൊതുമരാമത്ത് | 60 |
| 6 | പുനലൂർ മണ്ഡലത്തിലെഗ്രാമപഞ്ചായത്തുകളിലെ വിവിധ കേന്ദ്രങ്ങളിലായി തൂവെളിച്ചം പദ്ധതി((മിനി മാസ്റ്റ് ലൈറ്റ്) നടപ്പാക്കുന്നതിന് | പൊതുമരാമത്ത് | 20 |
| 7 | വിവിധ കേന്ദ്രങ്ങളിലായി സ്മാർട്ട് അംഗൻവാടികൾ നിർമ്മിക്കുന്നതിന് | പൊതുമരാമത്ത് | 20 |
| 8 | പുനലൂർ നിയോജകമണ്ഡലം_ മനുഷ്യ വന്യജീവി സംഘർഷം ഒഴിവാക്കുന്നതിനായുള്ള പദ്ധതി (വനാവരണം) നടപ്പാക്കുന്നതിന് | തദ്ദേശസ്വയംഭരണം | 20 |
| 9 | തെന്മല എക്കോ ടൂറിസം പ്രമോഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ(t e p s )എക്കോ ഫെസ്റ്റ് നടത്തുന്നതിന് | ടൂറിസം | 20 |
| 10 | പുനലൂർ, എൻ രാജഗോപാലൻ നായർ സ്മാരക മന്ദിരത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് | പൊതുമരാമത്ത് | 40 |

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

2023-24 ലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II - മരാമത്തുപണികളുടെ വിശദ വിവരങ്ങൾ - വാല്യം II - ഭരണാനുമതി ഇല്ലാത്ത മരാമത്തുപണികൾ - ക്രമ നമ്പർ 792 ആയി ഉൾപ്പെടുത്തിയ പ്രവൃത്തിക്ക് പകരം പുതിയ പ്രവൃത്തികൾ ഉൾപ്പെടുത്തി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (ബഡ്ജറ്റ് -കെ) വകുപ്പ്**

സ.ഉ.(സാധാ) നം.1360/2025/FIN തീയതി,തിരുവനന്തപുരം, 13-02-2025

---

പരാമർശം:-
1. ബഹു.പുനലൂർ എം.എൽ.എ. ശ്രീ. പി. എസ്. സുപാലിന്റെ 01/11/2024 ലെ കത്ത്.
2. ധനകാര്യ (I&PW-B) വകുപ്പിന്റെ 2980524/I&PW-B1/338/2024-FIN നമ്പർ e-ഫയൽ.

**ഉത്തരവ്**

2023-2024 — ലേക്കുള്ള വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം — II വാല്യം —II— ൽ ക്രമ നമ്പർ 792 ആയി ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പിനെ നിർവ്വഹണ വകുപ്പാക്കിയും, 300 ലക്ഷം രൂപ അടങ്കൽ കണക്കാക്കിയും 20% തുക വകയിരുത്തിയ "പുനലൂർ കോർട്ട് കോംപ്ലക്സിൽ ഓഫീസർസ് ക്വാർട്ടേഴ്സും ജുഡീഷ്യറി കോംപ്ലക്സിന് ചുറ്റുമതിലും,കവാടം നിർമ്മാണവും" എന്ന പ്രവൃത്തിയ്ക്ക് പകരം അടങ്കൽ തുക അധികരിക്കാതെ ചുവടെ പറയുന്ന നാല് പ്രവൃത്തികൾ ഉൾപെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ബഹു. പുനലൂർ എം.എൽ.എ പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

| പ്രവൃത്തി | അടങ്കൽ തുക | നിർവഹണ വകുപ്പ് |
|---|---|---|
| കുളത്തൂപ്പുഴ കെഎസ്ആർടിസി ബസ് സ്റ്റാൻഡ് യാർഡ് നവീകരണവും ഡ്രൈനേജും അനുബന്ധ പ്രവൃത്തികളും | 60 ലക്ഷം | |
| പുനലൂർ | | |

| | | |
|---|---|---|
| നിയോജകമണ്ഡലത്തിലെ ആലഞ്ചേരി —തൊണ്ടിയറ-നെട്ടയം റോഡ്- 40mm MSS ഉപരിതലം നൽകിയുള്ള നവീകരണം- ചെയിനെജ് 0/000 മുതൽ 1/700 വരെ | 130 ലക്ഷം | പൊതുമരാമത്ത് വകുപ്പ് |
| പുനലൂർ നിയോജക മണ്ഡലത്തിലെ ശാസ്താംകോണം- വഞ്ചിപ്പെട്ടി-ഐക്കോട്ടു റോഡിന്റെ സംരക്ഷണ ഭിത്തി നിർമ്മാണം | 80 ലക്ഷം | |
| ആര്യങ്കാവ് KSRTC ഡിപ്പോയിലേയ്ക്കുള്ള റോഡും ഡ്രൈയിനേജ് പ്രവർത്തികളും | 30 ലക്ഷം | |

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2023-2024— ലേക്കുള്ള വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം — II വാല്യം —II— ൽ ക്രമ നമ്പർ 792 ആയി ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പിനെ നിർവ്വഹണ വകുപ്പാക്കിയും, 300 ലക്ഷം രൂപ അടങ്കൽ കണക്കാക്കിയും 20% തുക വകയിരുത്തിയ "പുനലൂർ കോർട്ട് കോംപ്ലക്സിൽ ഓഫീസർസ് ക്വാർട്ടേഴ്സും ജുഡീഷ്യറി കോംപ്ലക്സിന് ചുറ്റുമതിലും,കവാടം നിർമ്മാണവും"" എന്ന പ്രവൃത്തി റദ്ദ് ചെയ്ത് പകരം അടങ്കൽ തുക അധികരിക്കാതെ മുകളിലെ പട്ടികയിൽ പറയും പ്രകാരം നാല് പുതിയ പ്രവൃത്തികൾ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പിനെ നിർവ്വഹണ ചുമതല നൽകി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സജീല എ
അണ്ടർ സെക്രട്ടറി

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ), കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് -II) കേരള, തിരുവനന്തപുരം.
3. ശ്രീ. പി. എസ്. സുപാൽ എം.എൽ.എ, നെയ്യാർ ബ്ലോക്ക്-4C,എം.എൽ.എ ഹോസ്റ്റൽ, പാളയം, തിരുവനന്തപുരം.
4. ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
5. ചീഫ് എഞ്ചിനിയർ,പൊതുമരാമത്ത് വകുപ്പ്
6. നോഡൽ ഓഫീസർ www.finance.kerala.gov.in
7. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (2980524/I&PW-B1/338/2024-FIN)

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

2025-26 വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളിൽ ഉൾപ്പെടുത്തിയ പ്രവൃത്തിക്ക് പകരം മറ്റു പ്രവൃത്തികൾ ഉൾപ്പെടുത്തി ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (ബഡ്ജറ്റ് -കെ) വകുപ്പ്**

G.O.(Rt) No.633/2026/FIN തീയതി,തിരുവനന്തപുരം, 22-01-2026

---

പരാമർശം:- 1. ബഹു.പുനലൂർ.എം.എൽ.എ. പി.എസ്.സുപാൽ ബഹു.ധനകാര്യ വകുപ്പ് മന്ത്രിക്ക് നൽകിയ 08/01/2026 ലെ കത്ത്.

2. ) ധനകാര്യ (BW-K) വകുപ്പിന്റെ 3388969/BW-K1/18/2026-FIN നമ്പർ e-ഫയൽ

**<u>ഉത്തരവ്</u>**

2025-2026 വർഷത്തെ ബഡ്ജറ്റിൽ ഭരണാനുമതിയില്ലാത്ത മരാമത്ത് പ്രവൃത്തികളിൽ ക്രമ നമ്പർ 1203 ആയി ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പിനെ നിർവ്വഹണ വകുപ്പാക്കി 3 കോടി രൂപ അടങ്കൽ തുകയും, 20% പ്രൊവിഷനും അനുവദിച്ച "അഞ്ചൽ പിഡബ്ല്യഡി റസ്റ്റ് ഹൗസിന് കെട്ടിട നിർമ്മാണം" എന്ന പ്രവൃത്തിയ്ക്ക് പകരമായി പൊതുമരാമത്ത് വകുപ്പിനെ നിർവ്വഹണ വകുപ്പാക്കി ചുവടെ ചേർക്കുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തണമെന്ന് ബഹു. പുനലൂർ.എം.എൽ.എ പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

- അഞ്ചൽ പഞ്ചായത്ത്,വടമൺ-ചോരനാട് റോഡ്-250 ലക്ഷം
- ഏരൂർ പഞ്ചായത്ത്, നടുക്കുന്നുംപുറം-എച്ച്.എസ് റോഡ്-50 ലക്ഷം

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, 2025-2026 വർഷത്തെ ബഡ്ജറ്റിൽ ഭരണാനുമതിയില്ലാത്ത മരാമത്ത് പ്രവൃത്തികളിൽ ക്രമ നമ്പർ 1203 ആയി ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പിനെ നിർവ്വഹണ വകുപ്പാക്കി 3 കോടി രൂപ അടങ്കൽ തുകയും, 20% പ്രൊവിഷനും അനുവദിച്ച "അഞ്ചൽ പിഡബ്ല്യഡി റസ്റ്റ് ഹൗസിന് കെട്ടിട നിർമ്മാണം" എന്ന പ്രവൃത്തിയ്ക്ക് പകരമായി പൊതുമരാമത്ത് വകുപ്പിനെ നിർവ്വഹണ വകുപ്പാക്കി ചുവടെ ചേർക്കുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തി ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | ഭേദഗതി പ്രവൃത്തികളുടെ പേര് (പൊതുമരാമത്ത് വകുപ്പ്) | എസ്റ്റിമേറ്റ് തുക | അനുവദിക്കുന്ന തുക(രൂപയിൽ) |
|---|---|---|---|
| 1 | അഞ്ചൽ പഞ്ചായത്ത്,വടമൺ-ചോരനാട് റോഡ് | 250 ലക്ഷം | 50,00,000 |
| 2 | ഏരൂർ പഞ്ചായത്ത്, നടുക്കുന്നുംപുറം-എച്ച്.എസ് റോഡ് | 50 ലക്ഷം | 10,00,000 |
| | ആകെ | 300 ലക്ഷം | 60,00,000 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYALEKSHMI O
UNDER SECRETARY

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ), കേരള, തിരുവനന്തപുരം. ചന്ദ്രഗിരി.
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് -II) കേരള, തിരുവനന്തപുരം.
3. ശ്രീ.പി.എസ്.സുപാൽ.എം.എൽ.എ, നെയ്യാർ ബ്ലോക്ക്-4C,എം.എൽ.എ ഹോസ്റ്റൽ, പാളയം, തിരുവനന്തപുരം.
4. ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
5. ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്
6. നോഡൽ ഓഫീസർ www.finance.kerala.gov.in
7. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (3388969/BW-K1/18/2026-FIN)

ഉത്തരവിൻ പ്രകാരം



സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

2025-26 ലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II - മരാമത്തുപണികളുടെ വിശദ വിവരങ്ങൾ - വാല്യം II - ഭരണാനുമതി ഇല്ലാത്ത മരാമത്തുപണികൾ - ക്രമ നമ്പർ 1857 ആയി ഉൾപ്പെടുത്തിയ പ്രവൃത്തിക്ക് പകരം മറ്റൊരു പ്രവൃത്തി ഉൾപ്പെടുത്തി ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (ബഡ്ജറ്റ് -കെ) വകുപ്പ്

G.O.(Rt)No.635/2026/FIN തീയതി,തിരുവനന്തപുരം, 22-01-2026

---

പരാമർശം:- 1. ബഹു.പുനലൂർ.എം.എൽ.എ. പി.എസ്.സുപാൽ ബഹു.ധനകാര്യ വകുപ്പ് മന്ത്രിക്ക് നൽകിയ 08/01/2026 ലെ കത്ത്

2. ധനകാര്യ (BW-K) വകുപ്പിന്റെ 3388968/ BW-K1/17/2026-FIN നമ്പർ e-ഫയൽ.

**ഉത്തരവ്**

2025-2026 വർഷത്തെ ബഡ്ജറ്റിൽ ഭരണാനുമതിയില്ലാത്ത മരാമത്ത് പ്രവൃത്തികളിൽ ക്രമ നമ്പർ 1875 ആയി ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ വകുപ്പിനെ നിർവ്വഹണ വകുപ്പാക്കി 1 കോടി രൂപ അടങ്കൽ തുകയും, 20% പ്രൊവിഷനും അനുവദിച്ച "പുനലൂർ നിയോജക മണ്ഡലം- മനുഷ്യ വന്യജീവി സംഘർഷം ഒഴിവാക്കുന്നതിനായുള്ള പദ്ധതി(വനാവരണം) നടപ്പാക്കുന്നതിന്" എന്ന പ്രവൃത്തി ഭരണപരവും, സാങ്കേതികമായ കാരണങ്ങളാലും നടപ്പാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ, പ്രസ്തുത പ്രവൃത്തിയ്ക്ക് പകരമായി തദ്ദേശ സ്വയംഭരണ വകുപ്പിനെ നിർവ്വഹണ വകുപ്പാക്കി "ഏരൂർ ഗ്രാമപഞ്ചായത്ത്-നടുക്കുന്നുംപുറം-എലാമുറ്റം റോഡ് നിർമ്മാണം" എന്ന പ്രവൃത്തി ഉൾപ്പെടുത്തണമെന്ന് ബഹു.പുനലൂർ.എം.എൽ.എ പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, 2025-2026 വർഷത്തെ ബഡ്ജറ്റിൽ ഭരണാനുമതിയില്ലാത്ത മരാമത്ത് പ്രവൃത്തികളിൽ ക്രമ നമ്പർ 1875 ആയി ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ വകുപ്പിനെ നിർവ്വഹണ വകുപ്പാക്കി 1 കോടി രൂപ അടങ്കൽ തുകയും, 20% പ്രൊവിഷനും അനുവദിച്ച "പുനലൂർ നിയോജക മണ്ഡലം-

മനുഷ്യ വന്യജീവി സംഘർഷം ഒഴിവാക്കുന്നതിനായുള്ള പദ്ധതി(വനാവരണം) നടപ്പാക്കുന്നതിന്" എന്ന പ്രവൃത്തിയ്ക്ക് പകരമായി തദ്ദേശ സ്വയംഭരണ വകുപ്പിനെ നിർവ്വഹണ വകുപ്പാക്കി "ഏരൂർ ഗ്രാമപഞ്ചായത്ത്-നടുക്കുന്നുംപുറം-എലാമുറ്റം റോഡ് നിർമ്മാണം" എന്ന പ്രവൃത്തി ഉൾപ്പെടുത്തി ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYALEKSHMI O
UNDER SECRETARY

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ), കേരള, തിരുവനന്തപുരം. ചന്ദ്രഗിരി.
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് -II) കേരള, തിരുവനന്തപുരം.
3. ശ്രീ.പി.എസ്.സുപാൽ.എം.എൽ.എ, നെയ്യാർ ബ്ലോക്ക്-4C,എം.എൽ.എ ഹോസ്റ്റൽ, പാളയം, തിരുവനന്തപുരം.
4. ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
5. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
6. നോഡൽ ഓഫീസർ www.finance.kerala.gov.in
7. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (3388968/ BW-K1/17/2026-FIN)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

2022-23 ലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II - മരാമത്തുപണികളുടെ വിശദ വിവരങ്ങൾ - വാല്യം II - ഭരണാനുമതി ഇല്ലാത്ത മരാമത്തുപണികൾ - ക്രമ നമ്പർ 2357 ആയി ഉൾപ്പെടുത്തിയ പ്രവൃത്തിക്ക് പകരം മറ്റൊരു പ്രവൃത്തി ഉൾപ്പെടുത്തി ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (ബഡ്ജറ്റ് -കെ) വകുപ്പ്**

സ.ഉ.(സാധാ) നം.10176/2025/FIN തീയതി,തിരുവനന്തപുരം, 19-12-2025

പരാമർശം:-
1. ബഹു.പുനലൂർ.എം.എൽ.എ. ശ്രീ.പി.എസ്.സുപാൽ, ബഹു.ധനകാര്യ വകുപ്പ് മന്ത്രിക്ക് നൽകിയ 31/10/2025 ലെ കത്ത്.
2. ധനകാര്യ (BW-K) വകുപ്പിന്റെ 3356127/ BW-K1/144/2025-FIN നമ്പർ e-ഫയൽ.

**ഉത്തരവ്**

2022-2023 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ ഭരണാനുമതിയില്ലാത്ത മരാമത്ത് പ്രവൃത്തികളിൽ ക്രമ നമ്പർ 2357 ആയി ഉൾപ്പെടുത്തി ആരോഗ്യ വകുപ്പിനെ നിർവ്വഹണ വകുപ്പാക്കി 1.5 കോടി രൂപ അടങ്കൽ തുകയും, 20% പ്രൊവിഷനും അനുവദിച്ച "പുനലൂർ ആയുർവേദ ആശുപത്രിയ്ക്ക് കെട്ടിട നിർമ്മാണം" എന്ന പ്രവൃത്തിയ്ക്ക് സ്ഥലം പൂർണ്ണമായും വകുപ്പിന്റെ പ്രവർത്തനത്തിന് മാത്രമായി വിട്ട് നൽകണമെന്ന് ആയുഷ് വകുപ്പ് ആവശ്യപ്പെട്ടതിനാൽ ഭരണാനുമതി ലഭിക്കാത്ത സാഹചര്യമാണെന്നും, പ്രസ്തുത പ്രവൃത്തിയ്ക്ക് പകരമായി പൊതുമരാമത്ത് കെട്ടിട വിഭാഗത്തെ നിർവ്വഹണ വകുപ്പാക്കി "ഇടമുളയ്ക്കൽ പഞ്ചായത്ത് ജവഹർ എച്ച് എസ് കെട്ടിട നിർമ്മാണം" എന്ന പ്രവൃത്തി ഉൾപ്പെടുത്തണമെന്നും ബഹു.പുനലൂർ.എം.എൽ.എ പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, 2022-2023 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ ഭരണാനുമതിയില്ലാത്ത മരാമത്ത് പ്രവൃത്തികളിൽ ക്രമ നമ്പർ 2357 ആയി ഉൾപ്പെടുത്തി ആരോഗ്യ വകുപ്പിനെ നിർവ്വഹണ വകുപ്പാക്കി 1.5 കോടി രൂപ അടങ്കൽ തുകയും, 20% പ്രൊവിഷനും അനുവദിച്ച "പുനലൂർ ആയുർവേദ ആശുപത്രിയ്ക്ക് കെട്ടിട നിർമ്മാണം" എന്ന പ്രവൃത്തിയ്ക്ക് പകരമായി പൊതുമരാമത്ത്

വകുപ്പിനെ നിർവ്വഹണ വകുപ്പാക്കി "ഇടമുളയ്ക്കൽ പഞ്ചായത്ത് ജവഹർ എച്ച് എസ് കെട്ടിട നിർമ്മാണം" എന്ന പ്രവൃത്തി ഉൾപ്പെടുത്തി ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYALEKSHMI O
അണ്ടർ സെക്രട്ടറി

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ), കേരള, തിരുവനന്തപുരം. ചന്ദ്രഗിരി.
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് -II) കേരള, തിരുവനന്തപുരം.
3. ശ്രീ.പി.എസ്.സുപാൽ. എം.എൽ . എ, നെയ്യാർ ബ്ലോക്ക്-4C,എം.എൽ.എ ഹോസ്റ്റൽ, പാളയം, തിരുവനന്തപുരം.
4. ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
5. ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് .
6. ആരോഗ്യ വകുപ്പ്
7. നോഡൽ ഓഫീസർ www.finance.kerala.gov.in
8. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (3356127/ BW-K1/144/2025-FIN)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

**2021-22-ലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II-മരാമത്തു പണികളുടെ വിശദ വിവരങ്ങൾ - വാല്യം II - ഭരണാനുമതി ഇല്ലാത്ത മരാമത്തു പണികൾ - ക്രമ നമ്പർ 1437 ആയി ഉൾപ്പെടുത്തിയ പ്രവൃത്തിയ്ക്ക് പകരം മറ്റൊരു പ്രവൃത്തി ഉൾപ്പെടുത്തി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

**ധനകാര്യ (ബഡ്ജറ്റ് -കെ) വകുപ്പ്**

G.O.(Rt)No.4421/2025/FIN തീയതി,തിരുവനന്തപുരം, 16-05-2025

പരാമർശം:-

1. ബഹു. പുനലൂർ നിയോജകമണ്ഡലം എം.എൽ.എ ശ്രീ. പി.എസ്. സുപാൽ ബഹു. ധനമന്ത്രിക്ക് നൽകിയ 18/02/2025-ലെ കുറിപ്പ്.
2. ധനകാര്യ (BW-K) വകുപ്പിൻറെ BW-K2/45/2025-FIN (3136540) നമ്പർ ഇ-ഫയൽ.

**ഉത്തരവ്**

2021-22 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ, ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II — Vol. II - ൽ ക്രമനമ്പർ 1437 ആയി ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പിനെ നിർവഹണ വകുപ്പാക്കി 2 കോടി രൂപ അടങ്കൽ കണക്കാക്കി തുക വകയിരുത്തിയ "പുനലൂർ താലൂക് ആശുപത്രി മൾട്ടി ലെവൽ കാർ പാർക്കിംഗ്" എന്ന പ്രവൃത്തിയ്ക്ക് പകരമായി "കുളത്തുപ്പുഴ പഞ്ചായത്ത്, ഏഴംകുളം കടമാങ്കോട് റോഡ്" എന്ന പ്രവൃത്തി ഉൾപെടുത്തി അനുമതി ലഭ്യമാക്കണമെന്ന് ബഹു. പുനലൂർ നിയോജകമണ്ഡലം എം.എൽ.എ സൂചന കുറിപ്പ് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, 2021-22 വർഷത്തെ സംസ്ഥാന ബജറ്റിൽ, ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II — Vol. II - ൽ ക്രമനമ്പർ 1437 ആയി ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പിനെ നിർവഹണ വകുപ്പാക്കി 2 കോടി രൂപ അടങ്കൽ കണക്കാക്കി തുക വകയിരുത്തിയ "പുനലൂർ താലൂക് ആശുപത്രി മൾട്ടി ലെവൽ കാർ പാർക്കിംഗ്" എന്ന പ്രവൃത്തിയ്ക്ക് പകരമായി അടങ്കൽ തുകയിലും മറ്റ് അനുബന്ധ രേഖകളിലും മാറ്റം വരുത്താതെ "കുളത്തുപ്പുഴ പഞ്ചായത്ത്, ഏഴംകുളം കടമാങ്കോട് റോഡ്" എന്ന പ്രവൃത്തി ഉൾപെടുത്തി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
D KRISHNAPRIYA
ADDITIONAL SECRETARY

പകർപ്പ് :

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് -II) കേരള, തിരുവനന്തപുരം.
ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
ശ്രീ.പി.എസ്.സുപാൽ, എം.എൽ.എ, നെയ്യാർ ബ്ലോക്ക്-4C, എം.എൽ.എ ഹോസ്റ്റൽ, തിരുവനന്തപുരം.
ചീഫ് എൻജിനീയർ, പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം
നോഡൽ ഓഫീസർ www.finance.kerala.gov.in
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (BW-K2/45/2025-FIN (3136540)

ഉത്തരവിൻ പ്രകാരം



സെക്ഷൻ ഓഫീസർ